# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3788

## 15.03.2017 - ലെ മറുപടിയ്ക്ക്

## സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. മമ്മൂട്ടി** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്** |
| സംസ്ഥാനത്തെ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ പേരിൽ ദേശസാൽകൃത ബാങ്കുകളിലുള്ള അക്കൗണ്ടുകൾ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | സംസ്ഥാന സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ പേരിൽ ദേശസാൽകൃത ബാങ്കുകളിലുള്ള അക്കൗണ്ടുകൾ സംസ്ഥാന സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറികളിൽ തന്നെ നിലനിർത്തണമെന്നാണ് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങൾ അവയുടെ തനതു ഫണ്ടുകൾ ട്രഷറിയേക്കാൾ പലിശ ലഭിക്കുന്നുവെങ്കിൽ മാത്രമേ മറ്റ് ബാങ്കുകളിൽ നിക്ഷേപിക്കുവാൻ പാടുള്ളുവെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ